# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3932** 21.06.2019-ൽ മറുപടിക്ക്

### ഊർജ്ജ സംരക്ഷണത്തിനായി എൽ.ഇ.ഡി. ബൾബുകൾ

| ചോദ്യം<br>ശ്രീ. വി.ടി.ബൽറാം | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|
| (എ) | ഊർജ്ജ സംരക്ഷണത്തിനായി സംസ്ഥാനത്തെ ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതി പ്രകാരം ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ലക്ഷം എൽ. ഇ. ഡി. ബൾബുകളാണ് ഈ പദ്ധതി പ്രകാരം നൽകുന്നതെന്നും വെളിപ്പെടുത്താമോ; | (എ) കാര്യക്ഷമമായ ഊർജ്ജ ഉപഭോഗത്തിലൂടെ ഊർജ്ജ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള ഗവൺമെന്റ് പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് ഫിലമെന്റ് രഹിത കേരള പദ്ധതി. കേരളത്തിലെ എല്ലാ ഫിലമെന്റ് ബൾബുകളും മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്യുവാനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത്. ഈ പദ്ധതിയിൽ 11.06.2019 വരെ 1061429 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>രണ്ടു ഘട്ടങ്ങളിലായി 80 ലക്ഷം ഉപഭോക്താക്കൾക്ക് 7.5 കോടി 9 വാട്ട് ബൾബുകളും 3 കോടി 18/20 വാട്ട് ട്യൂബ് ലൈറ്റുകളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. |
| (ബി) | ഇതിന് വില ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണെന്ന് അറിയിക്കാമോ; | (ബി) ഉണ്ട്. ഉപഭോക്താക്കൾക്ക് നൽകുന്ന എൽ. ഇ. ഡി. ബൾബുകളുടെയും തിരികെ വാങ്ങുന്ന സി. എഫ്. എൽ, സാധാരണ ബൾബുകൾ എന്നിവ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള ചെലവും കൂടി 6 തുല്യ ഗഡുക്കളായി വൈദ്യുതി ബില്ലിന്റെ കൂടെ തിരിച്ചു പിടിക്കുവാനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. എൽ. ഇ. ഡി. യുടെ വില ടെൻഡർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഈ പദ്ധതിക്ക് കേന്ദ്രസഹായമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ